**പോലീസ്** **കേരളം** **വകുപ്പ്**

**No.U1-53699/2026/PHQ**
പോലീസ് ഹെഡ്ക്വാട്ടേർസ്,
തിരുവനന്തപുരം
വഴുതക്കാട്
പിൻകോഡ് :695010
✉phq.pol@kerala.gov.in
☏04712721547
തീയതി. 13-04-2026

**സർക്കുലർ. 5/2026/പി എച്ച് ക്യൂ**

വിഷയം : ശബ്ദമലിനീകരണം നിയന്ത്രണം – നിലവിലുള്ള നിയമങ്ങളും സർക്കുലറുകളും കർശനമായി പാലിക്കൽ – നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :
1. സർക്കുലർ നമ്പർ.F1/92/ആഭ്യന്തരം തീയതി 07/01/1993.
2. നോട്ടിഫിക്കേഷൻ നമ്പർ. U6/30380/2002 തീയതി 28/11/2002.
3. സർക്കുലർ നമ്പർ.17/2002 തീയതി 05/12/2002.
4. സർക്കുലർ നമ്പർ.22/2015 തീയതി 17/06/2015.
5. WP(C)No.7261/2017-ൽ ബഹു.കേരള ഹൈക്കോടതിയുടെ 30.09.2021-ലെ വിധിന്യായം
6. സർക്കാർ കത്ത് നമ്പർ F1/162/2025/ആഭ്യന്തരം തീയതി 21/12/2025.

കേരള സംസ്ഥാനത്ത് ഉച്ചഭാഷിണി ഉപയോഗിക്കുന്നതിനുള്ള പോലീസ് ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് പരിസ്ഥിതി സംരക്ഷണ നിയമം 1986, 20/4/2002 തീയതിയിലെ Noise Pollution (Regulation and Control) Rules 2000, 20.04.2002- ലെ കേരള ഗവൺമെന്റിൻറെ വിജ്ഞാപനം നമ്പർ എസ്സ്.ആർ ഒ: 289/2002, കേരള പോലീസ് ആക്റ്റ് 2011 എന്നിവയും ബഹു. സുപ്രീം കോടതി, ബഹു. ഹൈക്കോടതി, ബഹു. ദേശീയ ഹരിത ട്രൈബ്യൂണൽ (NGT) ഉത്തരവുകളെയും, കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് (CPCB), സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് (SPCB) എന്നീ ഏജൻസികളുടെ നിർദ്ദേശങ്ങളെയും നിലവിൽ പിന്തുടരുന്നുണ്ട്. ജനവിശ്വാസ (ഭേദഗതി) നിയമം 2023 ലെ വ്യവസ്ഥകൾ പ്രകാരം ശബ്ദ മലിനീകരണ നിയമലംഘനങ്ങൾക്ക് ശിക്ഷ വർധിപ്പിച്ചിരിക്കുന്നതിനാൽ ഇത്തരത്തിലുള്ള നിയമങ്ങളും, നിർദേശങ്ങളും കർശനമായി പാലിക്കുന്നു എന്ന് ഉറപ്പാക്കുന്നതിന് പോലീസ് കൂടുതൽ ജാഗരൂകരാകേണ്ടതുണ്ട്.

ലൗഡ് സ്പീക്കറുകളുടെ ഉപയോഗവുമായി ബന്ധപ്പെട്ടുള്ള ശബ്ദമലിനീകരണം നിയന്ത്രിക്കുന്നതിനായി നാളിതുവരെ സൂചന 1, 3, 4 എന്നിങ്ങനെ നിരവധി സർക്കുലറുകളും സൂചന 2 പ്രകാരം വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട് ഇപ്പോഴും നിരവധി പരാതികൾ ലഭിക്കുന്നതായും ശബ്ദ മലിനീകരണം ഒഴിവാക്കുന്നതിനു വേണ്ടിയുള്ള നിയമങ്ങളുടെ ലംഘനങ്ങൾ നടക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ശബ്ദമലിനീകരണം നിയന്ത്രിക്കുന്നതിനായി, നിലവിലുള്ള വിവിധ നിയമങ്ങൾ, ചട്ടങ്ങൾ, കോടതി ഉത്തരവുകൾ എന്നിവ കർശനമായി പാലിക്കണമെന്ന് ആവശ്യപ്പെട്ട് എല്ലാ ജില്ലാ പോലിസ് മേധാവിമാർക്കും നിലവിലുള്ള മാർഗ നിർദേശങ്ങൾ പരിപത്രം മുഖേന അറിയിക്കുവാൻ സൂചന 6 പ്രകാരം സർക്കാർ നിർദേശം നൽകിയിരിക്കുന്നു.

**ഈ വിഷയത്തിൽ നാളിതുവരെ പുറപ്പെടുവിച്ച വിവിധ സർക്കുലറുകളും, വിജ്ഞാപനവും പരിശോധിച്ചതിൽ ലൗഡ് സ്പീക്കർ ഉപയോഗിക്കുന്നതിനുള്ള അനുമതി മേൽ സൂചിപ്പിച്ച വിവിധ സർക്കാർ ഉത്തരവുകളും കോടതി നിർദേശങ്ങളും പരിഗണിച്ച് തന്നെയാണ് നൽകി വരുന്നത് എന്ന് കാണുന്നു. എന്നാൽ, ചട്ടപ്രകാരം നൽകുന്ന പ്രസ്തുത അനുമതികളിൽ സൂചിപ്പിച്ചിരിക്കുന്ന നിബന്ധനകൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടത് ആവശ്യമാണെന്നതിനാൽ എല്ലാ ജില്ലാ പോലീസ് മേധാവികളും താഴെപ്പറയുന്ന നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്:**

- നിലവിലുള്ള നിയമങ്ങൾ, ചട്ടങ്ങൾ, സർക്കുലറുകൾ, കോടതി ഉത്തരവുകൾ, സർക്കാർ നിർദേശങ്ങൾ

എന്നിവ അനുസരിച്ചാണ് ലൗഡ് സ്പീക്കർ ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകുന്നത് എന്ന് എല്ലാ ജില്ലാ പോലീസ് മേധാവിമാരും മറ്റ് ഉദ്യോഗസ്ഥരും ഉറപ്പ് വരുത്തേണ്ടതാണ്.

- സൂചന 1, 3 എന്നീ സർക്കുലറുകളും സൂചന 2 ലെ വിജ്ഞാപനവും അനുസരിച്ചുള്ള നിബന്ധനകൾ ലംഘിക്കുന്ന പക്ഷം കർശനമായ നിയമനടപടികൾ സ്വീകരിക്കേണ്ടതും നിയമപ്രകാരമുള്ള പിഴ ചുമത്തേണ്ടതുമാണ്.
- ശബ്ദമലിനീകരണവുമായി ബന്ധപ്പെട്ട പരാതികൾ ലഭിക്കുമ്പോൾ അടിയന്തരമായി പരിഗണിച്ച് നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- പൊതുജനങ്ങളിൽ ശബ്ദമലിനീകരണം സംബന്ധിച്ചുള്ള ബോധവത് കരണം നടത്തുന്നതിന് സോഷ്യൽ പോലീസിങ്ങ് മുഖേനയും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- പൊതുജനങ്ങൾ ലൗഡ് സ്പീക്കർ ലൈസെൻസ് അനുമതിക്ക് വേണ്ടി അപേക്ഷ "തുണ" പോർട്ടൽ വഴി നൽകുമ്പോൾ നിലവിലുള്ള നിബന്ധനകൾ അവർ വ്യക്തമായി മനസ്സിലാക്കി എന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രം ലൈസെൻസ് അനുവദിക്കേണ്ടതാണ്.

മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുവെന്ന് എല്ലാ ജില്ലാ പോലിസ് മേധാവിമാരും വ്യക്തിപരമായി ഉറപ്പുവരുത്തേണ്ടതും, പ്രസ്തുത നിർദേശങ്ങൾ ലംഘിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അതിനെതിരെ കർശന നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

റാവാഡ ആസാദ് ചന്ദ്രശേഖർ ഐ പി എസ്
സംസ്ഥാന പോലീസ് മേധാവി

സ്വീകർത്താവ് : എല്ലാ ജില്ലാ പോലിസ് മേധാവിമാർക്കും/ സബ് ഡിവിഷണൽ ഓഫീസർക്കും/ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും അനന്തരനടപടികൾക്കായി.

പകർപ്പ് : 1. എ ഡി ജി പി (എൽ & ഓ)/എല്ലാ സോണൽ ഐ ജി പി മാർക്കും / എല്ലാ റേഞ്ച് ഡി ഐ ജി മാർക്കും / എല്ലാ ലിസ്റ്റ് B ഓഫീസർമാർക്കും അറിവിനായി.
2. സി എ മുഖാന്തിരം സംസ്ഥാന പോലിസ് മേധാവി/എ ഡി ജി പി (എച്ച് ക്യൂ)/എ ഐ ജി (പി ജി & എൽ എ)
3. ഐ ജി പി എസ് സി ആർ ബി (സർക്കുലർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).